LIBRARY ARCHIVES Kerala Legislative Assembly

ആലുവ മണ്ഡലത്തിലെ കുടിവെള്ള പദ്ധതി

125 (6284) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലുവ മണ്ഡലത്തിലെ കളമശ്ശേരി നഗരസഭയിലെ കങ്ങരപ്പടി-വയനകോട് പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് വാട്ടർ അതോറിറ്റി വഴി സമർപ്പിച്ച കുടിവെള്ള പദ്ധതിക്ക് അനുമതി ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

(ബി) ആലുവ മണ്ഡലത്തിലെ കടുങ്ങല്ലൂർ പഞ്ചായത്തിലെ കണിയാംകുന്ന് പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതിക്ക് അനുമതി നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ രണ്ട് പദ്ധതികളും അടിയന്തിരമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) & (ബി) ആലുവ മണ്ഡലത്തിലെ കങ്ങരപ്പടി-വയനകോട് പ്രദേശത്തേയ്ക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതി, കടുങ്ങല്ലൂർ പഞ്ചായത്തിലെ കണിയാംകുന്ന് പ്രദേശത്തേയ്ക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതി എന്നിവ നിയോജകമണ്ഡലത്തിലെ വികസന പദ്ധതി എന്ന നിലയിൽ ത്വരിത ഗ്രാമീണ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയെങ്കിലും കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പാക്കുന്ന ത്വരിത ഗ്രാമീണ പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം പ്രസ്തുത പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കാൻ സാധിക്കാത്തതിനാൽ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പദ്ധതി നടപ്പിലാക്കുന്നതാണ്.

കൂളിമാട് പമ്പിംഗ് സ്റ്റേഷനിലെ മോട്ടോറുകളുടെ റിപ്പയർ

126 (6285) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് വാട്ടർ അതോറിറ്റിയുടെ കൂളിമാട് പമ്പിങ്ങ് സ്റ്റേഷനിലെ മോട്ടോറുകൾ റിപ്പയർ ചെയ്ത ബില്ലുകൾ പരിശോധിച്ച് തുക അനുവദിക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയതെന്ന് വിശദമാക്കുമോ ;

(ബി) ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഇവർ ഇക്കാര്യത്തിൽ സാങ്കേതിക പരിജ്ഞാനം നേടിയവരാണോ എന്ന് വിശദമാക്കുമോ ;

(സി) അല്ലെങ്കിൽ ഇവർ അംഗീകരിച്ച ബില്ലുകൾ പുനഃപരിശോധനയ്ക്ക് വിധേയമാക്കുമോ ?

ഉത്തരം

(എ) കൂളിമാട് പമ്പിംഗ് സ്റ്റേഷനിലെ പമ്പ്/മോട്ടോർ മെയിന്റനൻസ് പണികൾ തൃപ്തികരമാംവിധം പൂർത്തീകരിച്ചു കഴിഞ്ഞാൽ എക്സിക്യൂട്ടീവ് എഞ്ചിനീയറാണ് അന്തിമമായി ബില്ല് പാസ്സാക്കി തുക അനുവദിക്കുന്നത്. അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ ഓഫീസുകളിൽ ബില്ലുകൾ പരിശോധിച്ച ശേഷം എക്സിക്യൂട്ടീവ് എഞ്ചിനീയർ ബില്ല് പാസാക്കുന്നതിനാൽ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥന്മാർക്കും പരിശോധനയുടെ ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതാണ്.

(ബി) & (സി) ചുമതല എക്സിക്യൂട്ടീവ് എഞ്ചിനീയർക്കാണ്. ഇവർ ഈ സാങ്കേതിക പരിജ്ഞാനം നേടിയവരാണ്.

വെള്ളക്കരത്തിന്റെ നിരക്ക്

127 (6286) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാട്ടർ അതോറിറ്റി വിവിധ ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്ന വെള്ളക്കരത്തിന്റെ നിരക്ക് കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് എന്നിവയിൽ ഉൾപ്പെടെ വിശദമാക്കുമോ ;

(ബി) മീറ്റർ ചാർജ്ജ്, സർവ്വീസ് ചാർജ്ജ്, മറ്റു ചാർജുകൾ എന്നിവയുടെ നിരക്ക് എത്രയാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റി വിവിധ വിഭാഗം ഉപഭോക്താക്കളിൽ നിന്നും ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തിയ സ്ലാബുകൾ അനുസരിച്ചാണ് പ്രതിമാസ വാട്ടർ ചാർജ്ജ് ഈടാക്കുന്നത്. ആയത് പ്രതി കിലോ ലിറ്ററിന് ഗാർഹിക വിഭാഗത്തിന് 4 രൂപ മുതൽ 25 രൂപവരെയും ഗാർഹികേതര ഉപഭോഗത്തിന് 12.50 രൂപ മുതൽ 25 രൂപ വരെയും വ്യാവസായിക ആവശ്യത്തിന് 25 രൂപ നിരക്കിലുമാണ്. കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് എന്നിവയിൽ നിന്നും കിലോ ലിറ്ററിന് 4 രൂപ നിരക്കിലാണ് വാട്ടർ ചാർജ്ജ് ഈടാക്കുന്നത്.

(ബി) വിശദവിവരം ചുവടെ ചേർക്കുന്നു ;

ഇനം	ഫീസ്
(1)	(2)
1. അപേക്ഷാഫാറം	15.00
2. കണക്ഷൻ ലഭിക്കുന്നതിനുള്ള ഫീസ്	
ഗാർഹിക കണക്ഷൻ	500.00

LIBRARY ARCHIVES Kerala Legislative Assembly